File No.SJD/1454/2021-G5

# വിജ്ഞാപനം.

സമൂഹത്തിൽ ലഹരി ഉപഭോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR) മുഖേന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു. കേരളത്തിൽ കൗമാരപ്രായക്കാർക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും ഇതിനോ ടനുബന്ധമായി ഇവർക്കിടയിലെ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നതുസംബന്ധിച്ച മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കിടയിലെ ലഹരിഉപയോഗത്തിന്റെ സ്വഭാവവും വ്യാപ്തിയും പഠനവിധേയമാക്കേണ്ടത് അനിവാര്യമാണ് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, കുട്ടികളുടെ ഇടയിലെ ലഹരി ഉപയോഗം സംബന്ധിച്ച ഒരുസമഗ്ര പഠനം നടത്തുന്നതിന് സാമൂഹ്യനീതി വകുപ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഗവേഷണം Epidemiological study on prevalence and distribution of drugs, alcohol and other addictive substance use among children and adolescents in Kerala നടത്തുന്നതിന് തയ്യാറുള്ള യൂണിവേഴ്സിറ്റികൾ , കോളേജുകൾ, research based സ്ഥാപനങ്ങൾ, NGO-കൾ എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

മേൽപ്പറഞ്ഞ പ്രകാരം ഗവേഷണം നടത്താൻ താത്പര്യമുള്ള ഏജൻസികൾ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ **15/10/2021** നകം സാമൂഹ്യനീതി ഡയറക്ടർക്ക സമർപ്പിക്കേണ്ടതാണ്. വിലാസം ചുവടെ ചേർക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർ,സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ (5ാം നില), തിരുവനന്തപുരം-695033

പ്രൊജക്റ്റ് സംബന്ധിച്ച write up ഉള്ളടക്കം ചെയ്യുന്നു

സാമൂഹ്യനീതി ഡയറക്ടർ

Assistant Director
Directorate of Social Justice
Vikas Bhavan, Thiruvananthapuram-33

PDF processed with CutePDF evaluation edition www.CutePDF.com

# Epidemiological study on prevalence and distribution of drugs, alcohol and other addictive substance use among children and adolescents in Kerala

സമൂഹത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണ്, പ്രത്യേകിച്ച് കൗമാരക്കാരുടേയും യുവാക്കളുടേയും ഇടയിൽ. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാദ്ധ്യമങ്ങളുടെ അതിപ്രസരം , കുടുംബത്തിലും സമൂഹത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ ,കുടുംബ ബന്ധങ്ങളിലെ തകർച്ച എന്നിവ സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളിൽ ഡ്രഗ്സിന്റെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ ഇടയിൽ മദ്യം , മയക്കുമരുന്ന് എന്നിവയുടെ ഉപയോഗ ം വർദ്ധിക്കുന്നതിന് സഹപാഠികളുടെ സ്വാധീനം ഏറെയാണ്. അറിയുവാനുള്ള ആഗ്രഹം കുട്ടികളിൽ കൂടുതലായതിനാൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള ജിജ്ഞാസ കുട്ടികളെ ലഹരിക്കു അടിമപ്പെടുത്തുന്നു . ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചക്ക് വിഘാതം സൃഷ്ടിക്കുന്നു. ഇത് കുട്ടികളിൽ സാമൂഹിക വിരുദ്ധ സ്വഭാവം വളർത്തിയെടുക്കുവാൻ കാരണമാകുന്നു.

കേരളത്തിൽ കുട്ടികളുടേയും യുവാക്കളുടേയും ഇടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ വ്യാപനം തടയുവാൻ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ് . മദ്യവും പുകയിലയുമായിരുന്നു പ്രധാനമായും ലഹരി വസ്തുക്കളായി മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് അവയുടെ രൂപവും ഭാവവും മാറി നർക്കോട്ടിക് മരുന്നുകളും സൈക്കോ ആക്ടീവായ പദാർത്ഥങ്ങള ം ഈ പട്ടികയിൽ ഇട ം പിടിച്ചി രിക്കുന്നു . കേരളത്തിൽ ലഹരി ഉപഭോഗം മൂലമുള്ള കുറ്റകൃത്യങ്ങൾ ദിനംപ്രതി വർ ദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത് . കുട്ടികളുടെ ഇടയിലുള്ള ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട ഒരു സമഗ്ര പഠനം കേരളത്തിൽ നടന്നിട്ടില്ല എന്നും കാണുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച ആധികാരിക വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ദീർ ഘവീക്ഷണത്തോടെയും കാര്യക്ഷമമായും നടപ്പിലാക്കാൻ കഴിയുന്നതാണ് . WP(C) No. 9001/2019 നം. കേസിന്റെ വിധിന്യായവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി 09/03/21 ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ വിവിധ മേഖലകളിലെ മയക്കുമരുന്ന് ഉപയോഗത്തിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ പഠനം നടത്തി ശേഖരിക്കുവാൻ സാമൂഹ്യ നീതി വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത നിർദേശം പരിഗണിച്ച് ' Epidemiological study on prevalence and distribution of drugs, alcohol and other addictive substance use among children and adolescents in Kerala' എന്ന വിഷയത്തിൽ ഗവേഷണവും പഠനവും നടത്തുവാൻ സാമൂഹ്യ നീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഗവേഷണ പദ്ധതി തയ്യാറാക്കുന്നതിലേക്ക് യൂണിവേഴ്സിറ്റികൾ, കോളേജുകൾ , ഗവേഷണ സ്ഥാപനങ്ങൾ (സന്നദ്ധ സംഘടനകൾ ഉൾപ്പടെ )എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു . നിർദിഷ്ട പഠനം 31/3/2022 നകം പൂർത്തിയാക്കി സമഗ്രമായ റിപ്പോർട്ട് സർക്കാരിലേക്ക് നൽകേണ്ടതുണ്ട് .

വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്യുന്ന പ്രോപോസലുകളുടെ ബജറ്റ് പരിശോധിച്ച പ്രൊജക്ടിന് അനുമതി നൽകുന്നതു സംബന്ധിച്ച അന്തിമ തീരുമാനം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൈക്കൊള്ളുന്നതാണ് . മതിയായ രേഖകൾ സഹിതം സമർപ്പിക്കാത്ത പ്രൊജക്റ്റ് പരിശോധിച്ച യോഗ്യരായ അപേക്ഷകരിൽനിന്നും അധിക വിവരങ്ങൾ തേടുന്നതിനോ പ്രൊപോസൽ നിരുപാധികം നിരസിക്കുന്നതിനോ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക അധികാരമുണ്ടായിരിക്കും .ആകെ പ്രൊജക്റ്റ് തുക **21,16,950** (എല്ലാ നികുതികളും ഉൾപ്പടെ )രൂപയിൽ അധികരിക്കാൻ പാടില്ല .മേൽപ്പറഞ്ഞത് പ്രകാരം ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്ന പ്രൊജക്റ്റ് പ്രോപോസലിനും ബജറ്റ് പ്ലാനിനും യഥാക്രമം 80 :20 എന്ന ക്രമത്തിൽ waitage നൽകി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**<u>പ്രോപോസലിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ</u>**

- **പ്രൊജക്റ്റ് പ്രൊപോസൽ** നിര്ദിഷ്ട പഠനം സംബന്ധിച്ച ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പ്രൊപോസൽ ലഭ്യമാക്കേണ്ടതാണ് ( Background of the proposed Study, Detailed problem statement, Review of earlier studies in the Subject, sample selection, data collection tools and methods, details and qualification of the project staff ,additional Terms of reference for the proposed study(if any), time line, contingency research plan in covid situation etc..
- **മുന്കാലങ്ങളിൽ നടത്തിയ ഗവേഷണ പഠനങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന സംക്ഷിപ്ത റിപ്പോർട്ട്** (Those who have done research projects in epidemiological research field and those who have done major national /international research projects will be given due weightage)
- **സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ** (will be evaluated based on service capability, Depth of resources, Evidence of ethics , Legal and economic stability, Past performance , Experience in performing similar studies, Nature and quality of work done within last five years, Demonstrated ability to meet the project deadlines, Organizational structure,Qualification , Knowledge education and experience of the personnel , overall project schedule etc..)
- **ബജറ്റ് പ്ലാൻ – പ്രോജെക്**ടിന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്ന

പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള പ്രതീക്ഷിത ചെലവ്

- **സ്ഥാപന മേധാവിയുടെ സമ്മതപത്രം .**

**<u>പ്രൊജക്റ്റ് സാങ്കേതിക പരിശോധന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു</u> ( Total 100 points )**

| Sl No | Evaluation criteria | Score |
|---|---|---|
| 1 | **Technical Quality of the Proposal** (Methodology, Sample Selection, Data collection Methods, Analysis of data and references) | 45 points |
| 2 | **Management approach / qualification of the proposed project staff** | 10 points |
| 3 | **Contingency Research Plan in Covid situation** | 5points |
| 4 | **Past performance and capability of the organization to conduct the study** (Those who have done research projects in epidemiological research field and those who have done major national /international research projects will be given due weightage | 15 points |
| 5 | **Time line** | 5 points– duration < 6 months<br><br>3 points – duration 6–10 months<br><br>1 points –>12 months |
| 6 | **Organization credentials** (will be evaluated based on service capability, Depth of resources, Evidence of ethics , Legal and economic stability, Past performance , Experience in performing similar studies, Nature and quality of work done within last five years, Demonstrated ability to meet the project deadlines, Organizational structure,Qualification , Knowledge education and experience of the personnel , overall project schedule | 20 points |
| | **Maximum marks** | 100 points |